'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - എസ്.റ്റി.എസ്.ബി.അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിന് അനുവദിച്ചതും നാഷണൽ റർബൻ മിഷൻ ഫേസ് III യുടെ ആദ്യഗഡുവായി ലഭിച്ചതുമായ 27 കോടി രൂപ, പി.എസ്.റ്റി.എസ്.ബി. അക്കൗണ്ടിലേക്ക് മാറ്റി നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

### തദ്ദേശ സ്വയംഭരണ (ഡിഡി) വകുപ്പ്

**സ.ഉ.(സാധാ) നം.470/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 26/02/2020

---

പരാമർശം:- 1 സ.ഉ (പി) നം. 62/2018/ധന തീയതി 16.04.2018

2 സ.ഉ (ആർ.ടി) നം. 1767/2018/എൽ.എസ്.ജി.ഡി തീയതി 28.06.2018

3 ഗ്രാമവികസന കമ്മീഷണറുടെ 12.11.2019-ലെ 18248/ആർ.ഐ.4/. സി.ആർ.ഡി നമ്പർ കത്ത്

### ഉത്തരവ്

നാഷണൽ റർബൻ മിഷൻ ഫേസ് III യുടെ ആദ്യഗഡുവായി അനുവദിച്ചിട്ടുള്ള 27 കോടി രൂപ ഗ്രാമവികസന കമ്മീഷണറുടെ പേരിലുള്ള എസ്.റ്റി.എസ്.ബി. 701011400000119 എന്ന അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യുന്നതിനു സൂചന (2) പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ 2018-19 സാമ്പത്തിക വർഷം മുതൽ പുതിയ പ്ലാൻ സ്കീം ട്രഷറി സേവിംഗ് സ് ബാങ്ക് (പി.എസ്.റ്റി.എസ്.ബി.) അക്കൗണ്ട് ആരംഭിച്ച്, സർക്കാർ വകുപ്പുകളിലേയ്ക്ക് അനുവദിക്കുന്ന പ്ലാൻ ഫണ്ട് തുകകൾ ട്രഷറിയിൽ നിന്നും പി.എസ്.റ്റി.എസ്.ബി.അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിന് സൂചന (1) പ്രകാരം ധനകാര്യ വകുപ്പ് നിർദേശിച്ചിട്ടുള്ളതിനാൽ മേൽ പരാമർശ തുക ട്രഷറിയിൽ നിന്നും പിൻവലിക്കാൻ ഗ്രാമവികസസന കമ്മീഷണർക്ക് സാധിച്ചിരുന്നില്ല. ഈ സാഹചര്യത്തിൽ പ്രസ്തുത തുക ഗ്രാമവികസന കമ്മീഷണറുടെ പേരിലുള്ള പി.എസ്.റ്റി.എസ്.ബി. 799012700000267 അക്കൗണ്ടിലേക്ക് മാറ്റി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സൂചന (3) പ്രകാരം ഗ്രാമവികസന കമ്മീഷണർ ആവശ്യപ്പെട്ടിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സൂചന (2) പ്രകാരം എസ്.റ്റി.എസ്.ബി. 701011400000119 എന്ന അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യുന്നതിന് അനുവദിച്ചിട്ടുള്ള നാഷണൽ റർബൻ മിഷൻ ഫേസ് III യുടെ ആദ്യഗഡുവായ 27 കോടി രൂപ, ഗ്രാമവികസന കമ്മീഷണറുടെ പേരിൽ ആരംഭിച്ചിട്ടുള്ള പി.എസ്.റ്റി.എസ്.ബി. 799012700000267 അക്കൗണ്ടിലേക്ക് മാറ്റുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

**File No.LSGD-DD3/235/2019-LSGD**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEKALA T.P.
അണ്ടർ സെക്രട്ടറി

പകർപ്പ്: ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം
വെബ്&ന്യൂ മീഡിയ, ഐ&പിആർഡി
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2020 14:06:49 IST
Reason: Approved
സെക്ഷൻ ഓഫീസർ